Mr. A. Madhava Prabhu *(Diwan Peishkar):* No necessity has yet arisen for the Government to purchase and stock rice.

GRANT OF LANDS TO DEPRESSED CLASSES IN MATTATHUR VILLAGE—PARTICULARS REGARDING

253. മിസ്റ്റർ പി. കെ. കൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട് ദയവുചെയ്ത മറുപടി പറയുമോ.—

(എ) മറ്റത്തൂർ വില്ലേജിൽ നികുതിയൊ ലൈസൻസൊ ചുമത്തി ഹരിജനങ്ങൾക്ക കുടിപാർപ്പിനായി വല്ല ഭൂമികളും റവന്യൂ വകുപ്പിൽനിന്ന കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ആളുകൾക്ക്?

മിസ്റ്റർ എ. മാധവപ്രഭു :

(എ) ലൈസൻസിന്മേൽ കൊടുത്തിട്ടുണ്ട്.

(ബി) 24 ആളുകൾക്ക്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ : ഒരേക്കറിന് ലൈസൻസ്സ് ഫീസ്സ് എന്താണ്?

മിസ്റ്റർ എ. മാധവപ്രഭു : നോട്ടീസ്സ് വേണം.

FISHING STAKES IN PANAMBUKAD, VALLARPADOM VILLAGES—COMPENSATION FOR

254. മിസ്റ്റർ വി. കെ. കുട്ടി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് സദയം മറുപടി പറയുമോ.—

(എ) പനമ്പുകാട്, വല്ലാർപാടം പരിസരങ്ങളിലുള്ള പള്ളിത്താഴം ഊന്നികളുടെ നഷ്ടപരിഹാരത്തിനായി എത്ര സംഖ്യയാണ് ഗവൺമെണ്ട് നീക്കിവെച്ചിട്ടുള്ളത്;

(ബി) ഇതിൽ വല്ല സംഖ്യയും ഊന്നിയുടമസ്ഥന്മാർക്ക് കൊടുക്കുകയുണ്ടായിട്ടുണ്ടോ;

(സി) ഈ ഊന്നികളിൽനിന്ന വല്ല വരുമാനവും ഇപ്പോൾ അവർക്ക് ഉണ്ടാകുന്നുണ്ടോ?

മിസ്റ്റർ എ. മാധവപ്രഭു :

(എ) യാതൊരു സംഖ്യയും നീക്കിവെച്ചിട്ടില്ല.

(ബി) ഉത്തരം ആവശ്യമില്ല.

(സി) ഇല്ല.

മിസ്റ്റർ വി. കെ. കുട്ടി : ഈ ഊന്നികൾക്ക നികുതി വസൂലാക്കുന്നുണ്ടോ?

മിസ്റ്റർ എ. മാധവപ്രഭു : ഇല്ല.

മിസ്റ്റർ വി. കെ. കുട്ടി : ഈ ഊന്നികൾ നിരുപയോഗമായി പോകുവാനുള്ള കാരണമെന്താണ്?

മിസ്റ്റർ എ. മാധവപ്രഭു : പല കാരണങ്ങളുമുണ്ട്. ഇൻവെസ്റ്റിഗേഷൻ പലതരത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly